(സി) 98 ദിവസം.

(ഡി) 837.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അവശസമുദായ ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങൾ.

* 777. [73] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശസമുദായ ഡിപ്പാർട്ടുമെൻറിലെ എല്ലാ നിയമനങ്ങളും മേലാൽ ഹരിജനങ്ങൾക്കായിരിക്കണമെന്നും അതു് പബ്ലിക്ക് സർവ്വീസ് കമ്മീഷനോ എംപ്ലോയിമെൻറ് എക്സ്ചേഞ്ചോ മുഖേന ആയിരിക്കണമെന്നുള്ള കമ്മിറ്റിയുടെ തീരുമാനത്തിൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്;

(ബി) മി. സി. സി. കണ്ണൻ കമ്മീഷണരായതിനുശേഷം പ്രൊബേഷണറി ക്ലാർക്കന്മാരായും ഗിരിവർഗ്ഗപ്രവർത്തനങ്ങളിലും പയൽസ്റ്റേഷനിലും, നൈറ്റ്സ്റ്റേഷനിലും മറ്റും എത്രപേരെ നിയമിച്ചിട്ടുണ്ടു്; അവരുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങനെ;

(സി) ഇതിൽ അവർണ്ണ സമുദായത്തിൽപ്പെട്ടിട്ടുള്ളവരെ നിയമിക്കാനുള്ള കാരണമെന്തു്; ഇവരെ പിരിച്ചുവിട്ടു് അഡൈവസറി കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) അവധിഒഴിവുകളിലും പകരത്തിനായും തുച്ഛമായ ശമ്പളക്രമത്തിൽ 41 പേരെ കമ്മീഷണർ നിയമിച്ചിട്ടുണ്ടു്. അവരുടെ ജാതിതിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

1.	പട്ടികജാതിക്കാർ	21
2.	ഗിരിവർഗ്ഗക്കാർ	4
3.	മറവപിന്നാക്കസമുദായക്കാർ	4
4.	അവശക്രിസ്ത്യാനികൾ	2
5.	ക്രിസ്ത്യാനികൾ	2
6.	ഈഴവർ	1
7.	നായർ	7
		41

(സി) പ്രത്യേകകാരണങ്ങൾ ഒന്നുമില്ല. ചില നിയമനങ്ങൾക്കു് അനുയോജ്യമായ പിന്നാക്കസമുദായക്കാരെ സൗകര്യമായി കിട്ടിയെന്നുവരില്ല. ഇവരെ പിരിച്ചുവിടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മേലാലുള്ള നിയമനങ്ങളുടെ കാര്യത്തിൽ അഡൈവസറി കമ്മിറ്റിയുടെ അഭിപ്രായത്തിൻെറ അടിസ്ഥാനത്തിൽ ആലോചിച്ചു് തീരുമാനമെടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly